# നീര ഉടൻ വിപണിയിൽ

## ● വിൽപനയ്ക്ക് എക്സൈസ് വകുപ്പിന്റെ അനുമതി ലഭിച്ചു

**നഹാസ് മുഹമ്മദ്**

തൃശൂർ● കേരള കാർഷിക സർവകലാശാലയുടെ നീര ഉൽപന്നം പൊതുവിപണിയിൽ ഉടൻ ലഭ്യമാവും. സർവകലാശാലയുടെ സ്റ്റാളുകളിൽ ഇവ വിൽക്കാൻ അനുമതിയായിരുന്നുവെങ്കിലും എക്സൈസ് വകുപ്പിന്റെ അനുമതിയില്ലാത്തതിനാൽ പൊതുവിപണിയിൽ എത്തിയിരുന്നില്ല. കഴിഞ്ഞ ദിവസം എക്സൈസിന്റെ അനുമതി ലഭിച്ചതോടെ ഇവ ഉടനെ പൊതു വിപണിയിലെത്തും.

ഇനി ജില്ലാതലത്തിൽ എക്സൈസ് വകുപ്പിന്റെ സമ്മതപത്രം കൂടി ലഭ്യമാക്കി നീര ഉടൻ വിപണിയിലെത്തിക്കുമെന്ന് കാർഷിക സർവകലാശാലാ അധികൃതർ അറിയിച്ചു. കടകളിലൂടെ നീരവിൽപന നടത്താനാണ് ആലോചന. 200 മില്ലി ലിറ്ററിന്റെ കുപ്പിക്ക് 25 രൂപയാണ് ഇപ്പോഴത്തെ വില. അധികം വൈകാതെ വില 10 രൂപ വരെയായി കുറയ്ക്കുമെന്ന് സർവകലാശാലാ അധികൃതർ പറഞ്ഞു.

സർവകലാശാലാ ഫാമുകളിലെ 100 തെങ്ങുകളിൽ നിന്നു ശേഖരിക്കുന്ന മധുരക്കള്ള് പുളിക്കാതെ പെറ്റ് ബോട്ടിലുകളിൽ പായ്ക്ക് ചെയ്തു കേരാമൃതം എന്ന പേരിലാണ് പുറത്തിറക്കുന്നത്. ഏറെക്കാലത്തെ ചർച്ചകൾക്കും വിവാദങ്ങൾക്കും ശേഷമാണു കേരളത്തിൽ നീര പൊതുവിപണിയിലെത്തുന്നത്. തെങ്ങിൻ പൂക്കുലയിൽ നിന്നു നീര് ചെത്തിയെടുത്തു പുളിച്ചുപോകാതെ സംസ്കരിച്ചെടുക്കുന്ന മദ്യാംശമില്ലാത്ത പാനീയമാണു നീര. വിറ്റമിൻ സി, കാത്സ്യം, ഫോസ്ഫറസ്, ഇരുമ്പ് തുടങ്ങിയ പോഷകാംശങ്ങൾ അടങ്ങിയ പാനീയം ഇളനീരിനെക്കാൾ രുചിയേറിയതാണ്. കേരാമൃതത്തിൽ ആൽക്കഹോളിന്റെ അംശം തീരെ ഉണ്ടാവില്ല. തൃശൂരിനു പുറമെ കോഴിക്കോടും തിരുവനന്തപുരത്തും നീര ഉൽപാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ തുടങ്ങാനാണ് ആലോചന. ഓരോ പ്ലാന്റിനും 1.8 കോടി രൂപ ചെലവു വരുമെന്നാണ് കണക്കാക്കുന്നത്.

ഒരു തെങ്ങിൽ നിന്ന് ആറു മാസം നീരയും ബാക്കി ആറു മാസം നാളികേരവും ഉൽപാദിപ്പിക്കാനാകുമെന്നാണു കാർഷിക സർവകലാശാലയുടെ കണ്ടെത്തൽ. നീര ഉൽപാദനത്തിലൂടെ ഒരു തെങ്ങിൽ നിന്നു മാസം 1000 രൂപ വരെ കർഷകർക്കു വരുമാനമുണ്ടാക്കാനാകും. നാളികേര വികസന ബോർഡിനു കീഴിൽ രൂപവൽക്കരിക്കുന്ന സൊസൈറ്റികൾക്കാണു നീര ചെത്താൻ അനുമതി നൽകുക. നിലവിലുള്ള കള്ളു ചെത്തു തൊഴിലാളികൾക്കു നീര ചെത്താൻ മുൻഗണന നൽകണമെന്നതടക്കമുള്ള ശുപാർശകൾ നേരത്തെ സർക്കാർ അംഗീകരിച്ചിരുന്നു. പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള പല സ്ഥാപനങ്ങളും നീര ഉൽപാദനത്തിനു തയാറെടുക്കുന്നുണ്ട്. കാർഷിക സർവകലാശാല വികസിപ്പിച്ച സാങ്കേതികവിദ്യയാണ് എല്ലാവരും ആശ്രയിക്കുന്നത്.